പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1095 30.10.2019 ൽ മറുപടിയ്ക്ക്

**ആരക്കുഴ ഐ.ടി.ഐ. യിൽ പുതിയ ട്രേഡുകൾ**

*ചോദ്യം* *ഉത്തരം*

ശ്രീ.എൽദോ എബ്രഹാം :

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | |
|---|---|
| **(എ)** മൂവാറ്റുപുഴ നിയോജക മണ്ഡലത്തിലെ ആരക്കുഴ ഐ.ടി.ഐ.യിൽ ഏതൊക്കെ ട്രേഡുകളാണ് ഉള്ളതെന്നും എത്ര വിദ്യാർത്ഥികൾ അവിടെ പഠിക്കുന്നുണ്ടെന്നും അറിയിക്കാമോ ; | **(എ)** ആരക്കുഴ ഐ.ടി.ഐ.യിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡിൽ 45 ട്രെയിനികളും പ്ലംബർ ട്രേഡിൽ 48 ട്രെയിനികളും പഠിക്കുന്നുണ്ട്. |
| **(ബി)** തൊഴിൽ സാധ്യതയുള്ള പുതിയ ട്രേഡുകൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ; | **(ബി)**: നിലവിൽ പരിഗണനയിലില്ല. |
| **(സി)** ഐ.ടി.ഐ.യിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതിയും പുതുതായി അനുമതി നൽകിയവയുടെ വിവരവും ലഭ്യമാക്കാമോ? | **(സി)** ആരക്കുഴ ഐടിഐയുടെ ഒന്നാം ഘട്ട കെട്ടിടനിർമ്മാണത്തിനായി 2014 -15 സാമ്പത്തിക വർഷം നൽകിയ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ പ്രവൃത്തി ആരംഭിച്ചിരുന്നുവെങ്കിലും നിർമ്മാണപ്രവൃത്തി നടക്കുന്ന സ്ഥലം മൂവാറ്റുപുഴ ഇറിഗേഷൻ പ്രോജക്റ്റ് ടണലിനും കനാലിനും സമീപമായതിനാൽ മണ്ണിന്റെ ഘടനയിൽ മാറ്റമുള്ളതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും ആയത് പ്രകാരം പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അധിക തുക പൊതുമരാമത്ത് വകുപ്പ് (PWD) ആവശ്യപ്പെടുകയും ചെയ്തു. ആയത് സർക്കാർ പരിശോധിച്ചു വരുന്നുണ്ട്. |

| | | |
|---|---|---|
| | | രണ്ടാം ഘട്ട പ്രവൃത്തിയായ ചുറ്റുമതിൽ നിർമ്മാണം ഏകദേശം 43% പൂർത്തിയായി. പാലക്കുഴ വില്ലേജിൽ ഉൾപ്പെട്ട സ്ഥലത്തു നിർമ്മാണ പ്രവൃത്തികൾ കോടതി തടഞ്ഞു. ഇക്കാര്യത്തിൽ സ്റ്റേ നീക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ചുറ്റുമതിൽ നിർമ്മാണത്തിന് തടസമായി നിൽക്കുന്ന 2 മരങ്ങൾ മുറിച്ചു മാറ്റുന്നതിനുള്ള അനുമതിയ്ക്കായ് മൂവാറ്റുപുഴ RDO യ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.<br><br>ആരക്കുഴ ഐടിഐയുടെ മൂന്നാം ഘട്ട കെട്ടിടനിർമ്മാണത്തിനായി 2018-19 സാമ്പത്തിക വർഷം PWD തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സാങ്കേതികാനുമതിയ്ക്കുള്ള നടപടികൾ PWD സ്വീകരിച്ചുവരുന്നുണ്ട്. |

Bindu

സെക്ഷൻ ഓഫീസർ